ന്നതിന് 85,000 രൂപയുടെ എസ്റ്റിമേറ്റ് അവർ അയച്ചിട്ടുണ്ട്. സ്വകാര്യസ്ഥാപനമായതുകൊണ്ട് ഗവൺമെൻറിന് നേരിട്ട് അതു പണിയാൻ നിവൃത്തിയില്ല. എങ്കിൽപ്പോലും അതിനാവശ്യമായ പണം കണ്ടെത്താൻ സഹായിക്കുന്നതാണ്. ഗവൺമെൻറ് കാലാകാലങ്ങളിൽ ചെയ്യാവുന്നതിൻെറ പരമാവധി ചെയ്യുന്നുണ്ട്. 25,000 രൂപയിൽ നിന്ന് ഒരു ലക്ഷത്തി മുപ്പതിനായിരം രൂപ കൊടുക്കാനുള്ള നടപടി ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ യാതൊരു ഉൽക്കണ്ഠയുടേയും കാര്യമില്ല.

(9) നീളിപ്പാറ കരിങ്കൽ ക്വാറിയിലെ തൊഴിലാളികളുടെ സമരം

ശ്രീ.സി.ടി.കൃഷ്ണൻ: സർ, പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ കണ്ണമ്പറ പഞ്ചായത്തിൽപ്പെട്ട നീളിപ്പാറ ക്വാറിയിൽ 400 തൊഴിലാളികളും ഒരു കൊല്ലമായി സമരം ചെയ്തുവരികയാണ്. ഒരു ക്വാറി ഉടമ ജോലി നിഷേധിച്ചതിൻെറ ഫലമായിട്ടാണ് അവിടെ സമരം നടന്നുവരുന്നത്. സി.ഐ.ടി.യു., എ.ഐ.ടി.യു.സി., ഐ.എൻ.ടി.യു.സി.(എസ്), ഐ.എൻ.ടി.യു.സി. (ഐ) തുടങ്ങിയ എല്ലാ സംഘടനകളിൽപ്പെട്ട തൊഴിലാളികളും യോജിച്ച് സമരം നടത്തുകയാണ്. നിരവധി വർഷങ്ങളായി ഈ തൊഴിലാളികളും ഇവിടെ ജോലി ചെയ്തുവന്നതാണ്. അവർക്ക് ജോലി നിഷേധിച്ചത് ഫാദർ ജോർജ് മഞ്ഞളി എന്നു പറയുന്ന ഒരു ക്വാറി ഉടമയാണ്. അദ്ദേഹം തൊഴിലാളികൾക്കെതിരായിട്ട് ഹൈക്കോടതിയിൽപ്പോയി. ഹൈക്കോടതി ഡി.എൽ.ഒ.യോട് ഒത്തുതീർപ്പുണ്ടാക്കാൻ പറഞ്ഞു. പക്ഷേ ഡി.എൽ.ഒ. വിനെ ക്വാറി ഉടമ സ്വാധീനിച്ച് തെറ്റായ റിപ്പോർട്ടാണ് കോടതിയിൽ നൽകിയത്. യാതൊരു അന്വേഷണവും തൊഴിലാളി യൂണിയനേയോ സംഘടനയേയോ കണ്ടു നടത്തിയില്ല. അതിൻെറ ഫലമായി ഇപ്പോൾ പോലീസുകാർ ഈ സമരത്തെ എതിർക്കുകയാണ്. നിരവധി കള്ള കേസുകളും തൊഴിലാളികൾക്കെതിരായി എടുത്തിരിക്കുന്നു. 36 ആളുകളുടെ പേരിൽ മിനിഞ്ഞാന്ന് 107 അനുസരിച്ച് കേസ് ചാർജ് ചെയ്തിരിക്കുന്നു. ക്വാറി ഉടമയ്ക്ക് എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നു. ഡി.ജി.പി.യുടെ നിർദ്ദേശമനുസരിച്ചാണ് ഇങ്ങനെ ചെയ്യുന്നതെന്നാണ് എസ്.പി.യും സി.ഐ.യും എസ്.ഐ.യും പറയുന്നത്. കള്ളക്കേസിൽ കുടുക്കി സമരത്തെ അടിച്ചമർത്താനുള്ള നടപടിയാണ് ഇപ്പോൾ എടുത്തിരിക്കുന്നത്. കൺസീലിയേഷൻ കോൺഫറൻസിലൊന്നും തന്നെ ക്വാറി ഉടമ പങ്കെടുത്തിരുന്നില്ല. നിരവധി യോഗങ്ങൾ വിളിച്ചു കൂട്ടി. ക്വാറി ഉടമ പങ്കെടുക്കാറില്ല. ഇവർക്ക് വലിയ സ്വാധീനമുണ്ടെന്നാണ് ഇവിടെയെല്ലാപേരും പറയുന്നത്. ശ്രീ. രാഘവൻ പൊഴക്കടവിൽ നിരാഹാരസമരം വരെ നടത്തി. പീച്ചിയിൽ തൊഴിലാളികൾക്കെതിരായി ജോർജ് മഞ്ഞളി നടപടി സ്വീകരിച്ചു. ഭരണപക്ഷ പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരു കൊല്ലമായി 400 തൊഴിലാളികളും നടത്തുന്ന ഈ സമരം അവസാനിപ്പിക്കുവാനാവശ്യമായ നടപടികളും സ്വീകരിക്കണം. ലേബർ കമ്മീഷണർ സ്ഥലത്തു പോയി ഒന്ന് അന്വേഷിക്കണം. അപ്പോൾ സത്യാവസ്ഥ മനസ്സിലാകും. ചുമട്ടുതൊഴിലാളികളും, കല്ലുടയ്ക്കുന്ന തൊഴിലാളികളും, കല്ല് പൊട്ടിക്കുന്ന തൊഴിലാളികളും സ്ത്രീത്തൊഴിലാളികളും തുടങ്ങി 400 തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

കളും അവരുടെ കുടുംബങ്ങളും പട്ടിണിയിലാണ്. അടിയന്തിരമായി ഈ സമരം അവസാനിപ്പിക്കുവാൻ തൊഴിൽവകുപ്പുമന്ത്രി മുൻകൈ എടുക്കണം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ.കെ.ശിവദാസൻ): സർ, ഈ വിഷയത്തെപ്പറ്റി ചർച്ചചെയ്യാൻ ഇന്ന് 4 മണിക്ക് കോൺഫറൻസ് വച്ചിട്ടുണ്ട്. ഇതിലെ സംഗതമായ പ്രശ്നം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ നിന്നും അൽപം വ്യത്യസ്ഥമാണ്. അത് മാത്രം ഞാൻ പറയാം. ഇപ്പോഴും ഹൈക്കോടതിയുടെ ചില ഡയറക്ഷൻസിന് വിധേയമായിട്ടാണ് കാര്യങ്ങൾ നടക്കുന്നത്. ഇതിൽ കാറി ഉടമസ്ഥൻ അവകാശപ്പെടുന്നത്, ഇതിനുമുൻപ് അവിടെ ജോലി നടന്നിട്ടില്ല, അവിടെ തൊഴിലാളികൾ ഉണ്ടായിരുന്നില്ല അതുകൊണ്ട് പുതിയ തൊഴിലാളികളെ വച്ച് ജോലി ചെയ്യിക്കുവാൻ അദ്ദേഹത്തിന് അവകാശ മുണ്ടെന്നാണ്. യൂണിയൻ പറയുന്നത്, ഇതിനുമുൻപും തൊഴിലാളികൾ ഉണ്ടായിരുന്നുവെന്നാണ്. അങ്ങനെയായിരുന്നുവെങ്കിൽ, മുൻപ് അവിടെ ഉണ്ടായിരുന്നുവെന്ന് പറയുന്ന ആളിന് കാറി നടത്തുന്നതി നുള്ള ലൈസൻസ് ഉണ്ടായിരുന്നുവോ എന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ഡി.എൽ.ഒ. അന്വേഷിച്ചപ്പോൾ ഇതിന് ഒരു ലൈസൻസ് ഉണ്ടായിരുന്നുവെന്ന് തെളിയിക്കുവാൻ കഴിഞ്ഞില്ലെന്നാണ് പ്രാഥമികമായ റിപ്പോർട്ട് കിട്ടിയിരിക്കുന്നത്. നിയമപ്രശ്നം വരുമ്പോൾ കാറിക്ക് ലൈസൻസ് ഉണ്ടായിരുന്നുവോ എന്നൊക്കെ പരിശോധിക്കേണ്ടിവരും. അതിന് വേണ്ട എന്തെങ്കിലും രേഖ ഉണ്ടായിരുന്നുവോ എന്നുള്ളത് ഇനിയും നമുക്ക് പരിശോധിക്കാവുന്നതാണ്. ഏതായാലും വൈകുന്നേരം നടക്കുന്ന കോൺഫറൻസിൽ വച്ച് ഈ പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യ മായ ശ്രമം നടത്തുന്നതാണ്.

(10) കനോലിത്തോടിൽ പാലം

ശ്രീ.എ.സി.ഷൺമുഖദാസ്: സർ, കുറിയാടി, മാനന്തവാടി റോഡ് ഉദ്ഘാടനം ചെയ്തതോടുകൂടി വളരെ പ്രാധാന്യം കൂടി വന്ന റോഡാണ് എന്റെ നിയോജകമണ്ഡലത്തിൽകൂടിയുള്ള പുതിയങ്ങാടി–ഉള്ളേരി റോഡ്. ഈ റോഡിന് പലസ്ഥലത്തും വീതി കുറവാണ്. കനോലി തോടിന് ഒരു പാലമുണ്ട്. കഴിഞ്ഞ ഒരാഴ്ചക്കാലമായി പാലം അപകടത്തിലാണ്, ഭാരം ഇറക്കണമെന്നുള്ള ഒരു ബോർഡ് അവിടെ വന്നിരിക്കുകയാണ്. എരണിക്കൽ ബസാറിനടുത്താണ് ഈ പാലം. ബസാറിന്റെ രണ്ടു ഭാഗത്തും രണ്ട് ഫർലോംഗ് ദൂരമുണ്ട്. ഇപ്പോൾ ബസ്സുകൾക്ക് പലപ്പോഴും സൈഡ് കൊടുക്കണമെങ്കിൽ ഒരു ഫർലോംഗ് ദൂരം വരെ 6 ഉം 7 ഉം ബസ്സുകൾ റിവേഴ്സ് ചെയ്യണം. 100 കണക്കിന് വാഹനങ്ങൾ മിനിറ്റുവച്ച് ഈ റോഡിൽക്കൂടി ഓടു ന്നുണ്ട്. ഈ പാലം അടിയന്തിരമായി പുതുക്കിപ്പണിയണം, റോഡിന് വീതികൂട്ടണം. മാനന്തവാടി വഴി മൈസൂറിലേയ്ക്കുള്ള യാത്രയാണ് ഇതിന്റെ ഫലമായി തകർന്നുപ്പെടാൻ പോകുന്നത്. ഇതിന്റെ ഇൻവെ സ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. മറ്റുള്ള നടപടികൾക്ക് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കി, അടിയന്തിരമായി പാലം റിപ്പയർ ചെയ്യണം. പുതിയ പാലവും പുതിയ അലൈൻമെന്റും കണ്ടെത്തി, റോഡിന്റെ യാത്രാസൗകര്യം വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly